**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5890** 04.11.2016- ൽ മറുപടിക്ക്

**സംസ്ഥാനത്തെ റോഡ് കയ്യേറ്റം ഒഴിപ്പിക്കാൻ നടപടി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. കെ.മുരളീധരൻ** | | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ റോഡ് കയ്യേറ്റത്തിന് ഉദ്യോഗസ്ഥന്മാർ ഒത്താശ ചെയ്യുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. റോഡുകളും നടപ്പാതകളും കയ്യേറുകയും, നാശനഷ്ടം വരുത്തിയതായും ശ്രദ്ധയിൽപ്പെട്ടാൽ നാഷണൽ ഹൈവേ പ്രൊട്ടക്ഷൻ ആക്ട് (സെക്ഷൻ 3) പ്രകാരം നടപടി സ്വീകരിക്കുന്നതിനായി NH-ന്റെ പരിധിയിൽ വരുന്ന റോഡുകളുടെ ഹൈവേ അതോറിറ്റിയായി എക്സിക്യൂട്ടീവ് എഞ്ചിനീയർ (ദേശീയപാത) യേയും സ്റ്റേറ്റ് ഹൈവേയുടെയും മറ്റ് പ്രധാന ജില്ലാ റോഡുകളുടെയും അതോറിറ്റി യായി എക്സിക്യൂട്ടീവ് എഞ്ചിനീയർ (നിരത്തുകളും പാലങ്ങളും) യേയും 1999-ലെ സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം ചുമതലപ്പെടുത്തി യിട്ടുണ്ട്. |
| (ബി) | കഴക്കൂട്ടം-കാരക്കോണം ബൈപ്പാസ് റോഡിന്റെ ഇരുവശങ്ങളിലുമുള്ള സ്ഥലങ്ങൾ കച്ചവടക്കാർ കയ്യേറി കച്ചവടം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ ഈ റോഡിനെ 45 മീറ്റർ നാലുവരിപ്പാതയായി വികസിപ്പിച്ചു വരുകയാണ്. 45 മീറ്റർ റൈറ്റ് ഓഫ് വേയ്ക്ക് ഉള്ളിൽ വരുന്ന കയ്യേറ്റങ്ങൾ നാലു വരിപ്പാതയാക്കൽ പദ്ധതി നടക്കുന്ന മുറയ്ക്ക് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ ഉദ്യോഗസ്ഥർ ഒഴിപ്പിച്ചുവരുകയാണ്. |

സെക്ഷൻ ഓഫീസർ